**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **458** **27.06.2019**- ൽ മറുപടിയ്ക്ക്

## പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷിതത്വം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.പി.ഉണ്ണി<br>ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.ഡി.കെ.മുരളി. | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും<br>വനിത-ശിശുവികസനവും<br>വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനും സാമൂഹ്യനീതി വകുപ്പ് നടത്തി വരുന്ന പ്രവർത്തനം അറിയിക്കാമോ; | (എ) യും (ബി) യും | വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | അംഗപരിമിതർ, മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവർക്കുള്ള ക്ഷേമ, ശാക്തീകരണ പദ്ധതികൾ എന്തെല്ലാമാണ്; | | |
| (സി) | സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അന്തേവാസി-കളുടെ എണ്ണത്തിനനുസൃതമായി ജീവനക്കാരെ നിയമിക്കാൻ നടപടിയെടുത്തിട്ടുണ്ടോ ; | (സി) | സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിൽ അനുവദിയ്ക്കപ്പെട്ടിട്ടുള്ള താമസക്കാരുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് വ്യത്യസ്ത വിഭാഗം ജീവനക്കാരെയും അനുവദിച്ചിട്ടുള്ളത്, എന്നാൽ പല ക്ഷേമസ്ഥാപനങ്ങളിലും അനുവദി-യ്ക്കപ്പെട്ട താമസക്കാരുടെ എണ്ണത്തിന് അതീതമായി താമസക്കാരുണ്ട്. എന്നാൽ സാമൂഹ്യ സുരക്ഷാ മിഷൻ |

| | | | |
|---|---|---|---|
| | | | മുഖേന സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണത്തിനനുസൃതമായിട്ടാണ് മൾട്ടിടാസ്ക് കെയർ പ്രൊവൈഡർമാരെ നിയമിച്ചിട്ടുള്ളത്. സ്ഥാപനത്തിലെ അന്തേവാസികളുടെ എണ്ണം, സ്ഥിരം ജീവനക്കാരുടെ വിശദാംശം, മിഷൻ മുഖേന അനുവദിക്കേണ്ട ജീവനക്കാരുടെ എണ്ണം, ഇപ്രകാരം അധിക ജീവനക്കാരെ ആവശ്യപ്പെടുന്നതിനുള്ള കാരണം എന്നിവ ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാരിൽ നിന്നും നിശ്ചിത പ്രഫോർമയിൽ വാങ്ങുകയും ആയത് പരിശോധിച്ചശേഷം മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടുകൂടിയാണ് ജീവനക്കാരെ ക്ഷേമ സ്ഥാപനങ്ങളിൽ അനുവദിക്കുന്നത്. ഇപ്രകാരം നിലവിൽ 14 ജില്ലകളിലെ 70 ക്ഷേമ സ്ഥാപനങ്ങളിലായി 269 ജീവനക്കാരെ മിഷന്റെ കെയർ പ്രൊവൈഡർമാരെ നിയോഗിക്കുന്ന പദ്ധതി മുഖേന അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പ്രാരംഭ ഇടപെടലിലൂടെ വൈകല്യം തടയുന്നതിനും വൈകല്യം ബാധിച്ചവരെ പുനരധിവസിപ്പിക്കാനും വിദ്യാഭ്യാസത്തിനും തൊഴിലിനും അവസരങ്ങൾ ഒരുക്കുന്നതിനുമുള്ള പദ്ധതികൾ എന്തെല്ലാമാണ്? | (ഡി) | വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

## സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്ന വിവിധ ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.

### ഭിന്നശേഷി വിഭാഗം

- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
- വിദ്യാകിരണം പദ്ധതി .
- വിദ്യാജ്യോതി പദ്ധതി
- വിജയാമൃതം പദ്ധതി
- ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി
- SSLC, +2 തുല്യതാ പരീക്ഷ എഴുതുന്നതിനായി ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/പരീക്ഷാ ഫീസ് നൽകുന്ന പദ്ധതി.
- മാതൃജ്യോതി പദ്ധതി
- ഭിന്നശേഷിയുള്ള വനിതകൾ/മാതാപിതാക്കളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി.
- ഭിന്നശേഷിയുള്ളവർക്ക് ചികിത്സാ ധനസഹായ പദ്ധതി.
- ശാരീരിക വെല്ലുവിളികൾ/കാഴ്ചപരമായ വെല്ലുവിളികൾ നേരിടുന്ന അഭിഭാഷകർക്ക് എക്സ്ഗ്രേഷ്യ, റീഡേഴ്സ് അലവൻസ് എന്നിവ നൽകുന്ന പദ്ധതി.
- സ്വാശ്രയ പദ്ധതി
- .സഹചാരി പദ്ധതി

ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനായി RPWD ACT 2016, NATIONAL TRUST ACT 1999 എന്നീ നിയമങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

- മിശ്ര വിവാഹ ധനസഹായ പദ്ധതി.

**കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാർക്ക് നൽകിവരുന്ന സഹായങ്ങൾ/പദ്ധതികൾ.**

- ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ശബ്ദാനുസരണ സോഫ്റ്റ് വെയറുള്ള ലാപ്പ്ടോപ്പ്, എന്നിവപോലുള്ള ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് ആധുനിക സാമഗ്രികളുടെയും സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം.
- മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി.
- സ്വയംതൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)
- സ്വയംസഹായ സംഘങ്ങളുടെ പരിപോഷണം.
- ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റ്മാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)
- എൻ.എച്ച്.എഫ്.ഡി.സി.വായ്പ.
- ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്.
- ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി
- സ്റ്റേറ്റ് റിസോഴ്സ് സെന്റർ
- പാറശ്ശാലയിലെ 'സാഫല്യം' പരിചരണ കേന്ദ്രം.
- ആശ്വാസം - സ്വയംതൊഴിൽ വായ്പക്ക് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയംതൊഴിലിന് 25000/- രൂപ ധനസഹായം.
- കാഴ്ച പദ്ധതി.

**ട്രാൻസ്ജെൻഡർ - പദ്ധതികൾ**

- തിരിച്ചറിയൽ കാർഡ് വിതരണം
- സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി
- ട്രാൻസ്ജെൻഡർ സ്കോളർഷിപ്
- ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി
- **സംരംഭകത്വ വികസന പരിശീലന പരിപാടി**

  സർക്കാർ സ്ഥാപനമായ C-STED മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. 90 ട്രാൻസ്ജെൻഡർ വ്യക്തികൾക്കാണ് ഈ പരിശീലനം നൽകിയിട്ടുള്ളത്

- എച്ച് .ഐ.വി സീറോ സർവൈലൻസ് സെന്റർ
- 24×7 ഹെല്പ് ലൈൻ
- ബ്യൂട്ടിഷൻ പരിശീലന പദ്ധതി
- തയ്യൽ മെഷീൻ വിതരണ പദ്ധതി
- ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം
- എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി
- സ്വയം തൊഴിൽ ധനസഹായം
- വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി
- ഡ്രൈവിംഗ് പരിശീലനം
- ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി
- കെയർ ഹോം/ ഷോർട് സ്റ്റേ ഹോമുകൾ
- നൈപുണ്യ വികസന പരിശിലന പരിപാടി.

**പ്രോബേഷൻ ആന്റ് ആഫ്റ്റർ കെയർ സർവ്വീസസ്**

Probation of Offenders Act 1958, Kerala Probation of Offenders Rule 1960, എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- ജയിൽ തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായ പദ്ധതി.
- ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി.
- മുൻകുറ്റവാളികൾ, പ്രൊബേഷണർ എന്നിവർക്കായുള്ള ധനസഹായ പദ്ധതി.
- അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.

- ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോം അംഗീകാരമുള്ള വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള വിവാഹ ധനസഹായം.

**<u>കേരള സാമൂഹ്യ സുരക്ഷാ മിഷൻ</u>**

- ആശ്വാസകിരണം പദ്ധതി
- ക്യാൻസർ സുരക്ഷ
- താലോലം
- ശ്രുതിതരംഗം - കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി
- സ്നേഹപൂർവ്വം പദ്ധതി
- സ്നേഹസ്പർശം
- വയോമിത്രം പദ്ധതി
- ഹംഗർഫ്രീസിറ്റി പദ്ധതി
- വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ തത്സമയം മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി
- **<u>എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ</u>**

**(എ).** സ്നേഹസാന്ത്വനം പദ്ധതി

**(ബി).** എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

**(സി).** സ്പെഷ്യൽ ആശ്വാസകിരണം

- സമാശ്വാസം പദ്ധതി I
- സമാശ്വാസം II
- സമാശ്വാസം III
- സമാശ്വാസം IV
- വീ--കെയർ
- അനുയാത്ര

**അനുയാത്ര പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു. അനുയാത്രയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**

1. **അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**
2. **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും**
3. **മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**
4. **കാതോരം**
5. **പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ**
6. **ഹെൽപ്പ് ഡെസ്ക്**
7. **പ്രോജക്ട് ഓട്ടിസം**
8. **സ്പെഷ്യൽ അങ്കണവാടികൾ**

9. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (**MCRC**)
10. അംഗപരിമിതർക്കായുള്ള തിരിച്ചറിയൽ കാർഡ്
11. **Student Initiative in Community Rehabilitation**
12. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ - എം.പവർ
13. പരിക്കുകൾ മൂലം ഉണ്ടാവുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ.
14. പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്
15. സ്പെക്ട്രം പദ്ധതി.

- മിഠായി (ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്ക് ഇൻസുലിൻ നൽകുന്ന ചികിത്സാ പദ്ധതി.
- ധ്വനി പദ്ധതി

**<u>നിഷ്</u>**

- കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ADIP പദ്ധതി വഴി അർഹരായ അംഗപരിമിതർക്ക ശ്രവണസഹായികൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി
- കേരള സർക്കാരിന്റെ ശ്രുതി തരംഗം പദ്ധതി വഴി കോക്ലിയർ ഇംപ്ലാന്റ് ചെയ്തവർക്ക് ഓഡിറ്ററി വെർബൽ തെറാപ്പി നൽകുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്ന പദ്ധതി.

**<u>വയോജന പദ്ധതികൾ</u>**

- സായംപ്രഭാ ഹോം പദ്ധതി
- മന്ദഹാസം പദ്ധതി
- വയോ അമൃതം പദ്ധതി
- മ്യൂസിക് തെറാപ്പി
- വയോമധുരം പദ്ധതി
- മാതൃകാ സായംപ്രഭാ ഹോം പദ്ധതി (Multi Service Day care Centre).
- യോഗാ തെറാപ്പി
- സെക്കന്റ് ഇന്നിംഗ്സ് പ്രോജക്ട്
- Psycho Social Care for Elderly in Old Age Homes in Kerala Project
- മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്ന പദ്ധതി.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം II

## സാമൂഹ്യനീതി വകുപ്പ്

പ്രാരംഭ ഇടപെടലിലൂടെ വൈകല്യം തടയുന്നതിനുള്ള പദ്ധതികൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് (SID) മുഖേന നടപ്പിലാക്കുന്നുണ്ട്.

## കേരള സാമൂഹ്യ സുരക്ഷാ മിഷൻ

1.എം.എം.ആർ വാക്സിനേഷൻ: അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനായി എം.എം.ആർ വാക്സിനേഷൻ നൽകുന്നതിനുള്ള വാക്സിൻ ആരോഗ്യ വകുപ്പിനു സാമൂഹ്യ സുരക്ഷാ മിഷൻ ലഭ്യമാക്കി വരുന്നു.

2.അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനു സ്വീകരിക്കേ വിവിധ കാര്യങ്ങൾ സംബന്ധിച്ച വിവര വിദ്യാഭ്യാസ വിജ്ഞാന പ്രവർത്തനങ്ങൾ (IEC) സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെയുള്ള മാധ്യമങ്ങളിലൂടെ നൽകുകയും, പരിശീലന ബോധത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

3.കാതോരം പദ്ധതിയിലൂടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന മുഴുവൻ കുട്ടികളേയും കേൾവി പരിശോധനയ്ക്ക് വിധേയമാക്കുകയും തുടർ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

4.സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങളെയും വിസിബിൾ ബെർത്ത് ഡിഫെക്ട്സ്, മെറ്റാബോളിക് ഡിസോർഡർ, പൾസ് ഓക്സിമെട്രി, റെറ്റിനോപ്പതി ആന്റ് പ്രീ മെച്ചാരിറ്റി തുടങ്ങിയവ സംബന്ധിച്ച സ്ക്രീനിംഗ് നാഷണൽ ഹെൽത്ത് മിഷനുമായി സഹകരിച്ച് നടപ്പാക്കുകയും ഇതിനായി തയ്യാറാക്കിയ ഒരു സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

5. കുട്ടികളിലുണ്ടാകുന്ന വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ (DEIC) എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

6. സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ(തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ (REIC) ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്

7.അനുയാത്ര പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ഓട്ടിസം സെന്ററുകൾ, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, പ്രത്യേക ഇന്റർവെൻഷൻ യൂണിറ്റുകൾ, കാതോരം പദ്ധതി, സ്പെഷ്യൽ അങ്കണവാടികൾ, പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ് തുടങ്ങിയവയിലൂടെ വൈകല്യങ്ങൽ ലഘൂകരിക്കുവാനുള്ള തെറാപ്പികൾ ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കി വരുന്നു.

വൈകല്യം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

- ആശാഭവൻ
- പ്രത്യാശാ ഭവൻ
- പ്രതീക്ഷാ ഭവൻ
- ഹോം ഫോർ മെന്റലി ചലഞ്ച്ഡ് ചിൽഡ്രൻ
- ഭിന്നശേഷി സദനങ്ങൾ
- ഭിന്നശേഷിക്കാരായ കുട്ടികളുടെ സദനം

* സർക്കാർ ഗ്രന്റോടെ പ്രവർത്തിക്കുന്ന അംഗീകൃത NGO സ്ഥാപനങ്ങൾ.

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1999 മുതൽ 2003 വരെ 179 ദിവസം താല്ക്കാലിക ജോലി ചെയ്യു ഭിന്നശേഷിക്കാരെ നിയമിച്ചുവരുന്നു . വൈകല്യബാധിതർക്ക് വിവിധ തൊഴിൽ പരിശീലനങ്ങൾ വകുപ്പ് മുഖേനയും, NGO സഹകരണത്തോടെയും നടപ്പിലാക്കി വരുന്നുണ്ട്.

ഭിന്നശേഷിക്കാർക്ക് തൊഴിൽപരിശീലനം നൽകുന്നതിനായി വകുപ്പിനു കീഴിൽ തിരുവനന്തപുരത്തും, കോഴിക്കോട്ടുമായി രണ്ടു തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ NISH മുഖാന്തിരം ബധിരമൂകർക്കായുള്ള ബിരുദ കോഴ്സുകളും, Rehabilitation Council of India -യുടെ (RCI) അംഗീകാരത്തോടെ Audiology, Speech Language Pathology ബിരുദ-ബിരുദാനന്തര കോഴ്സുകളും, Special Education, Sign Language തുടങ്ങിയ മേഖലകളിൽ ഡിപ്ലോമ കോഴ്സുകളും നടത്തുന്നുണ്ട്. ഓട്ടിസം, സെറിബ്രൽ പാൾസി, ഇന്റലക്ച്വൽ ഡിസബിലിറ്റി, മൾട്ടിപ്പിൾ ഡിസബിലിറ്റി തുടങ്ങി പല വൈകല്യങ്ങൾക്കുമുള്ള തെറാപ്പി ക്ലിനിക്കുകൾ, Assistive Technology, വൈകല്യ പഠന-ഗവേഷണം, കൺസൾട്ടൻസി, ടീച്ചർ ട്രെയിനിംഗ്, ഓൺലൈൻ സെമിനാറുകൾ തുടങ്ങി പല പുതിയ സംരഭങ്ങളും Nish അടുത്ത കാലത്ത് ആരംഭിച്ചിട്ടുണ്ട്. ഫിസിയോതെറാപ്പി, ഓഡിയോളജി ആൻഡ് സ്പീച് ലാംഗ്വേജ് , പാത്തോളജി, ഒക്കുപേഷണൽ തെറാപ്പി തുടങ്ങിയ ഡിപ്പാർട്മെന്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അനുബന്ധ സേവനങ്ങളായ സൈക്കോളജി,സോഷ്യൽ വർക്ക് എന്നിവ കൂടാതെ സെറിബ്രൽ പാൾസി, ഓട്ടിസം മുതലായവ ബാധിച്ച കുട്ടികൾക്കുള്ള സ്പെഷ്യൽ സ് കൂളുകൾ , സ്ഥാപനത്തിൽ നേരിട്ട് എത്തി ചേരാൻ കഴിയാത്ത വിധം ഭിന്നശേഷിയുള്ളവർക്കായി 'Rehab on Wheels' എന്ന പേരിൽ ഒരു ഔട്ട് റീച് പ്രോഗ്രാമും നടത്തിവരുന്നുണ്ട് . Learning ഡിസബിലിറ്റി ക്ലിനിക് . ചൈൽഡ് ഗൈഡൻസ് സെന്റർ എന്നീ സേവനങ്ങളും നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**